# പരിഷദ് വാർത്ത

ശാസ്ത്രം സാമൂഹ്യ വിപ്ലവത്തിന്

സന്ദർശിക്കുക
www.kssp.in
www.wiki.kssp.in
www.luca.co.in
http://parishadvartha.in
facebook.com/ksspexecutive

വാല്യം 17
ലക്കം 19,20
ഒറ്റപ്രതി 2.50 രൂപ
വരിസംഖ്യ 50 രൂപ

2017 ഒക്ടോബർ 1 - 30 | കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പ്രസിദ്ധീകരണം | parishadvartha@gmail.com


## കായൽ കമ്മീഷൻ റിപ്പോർട്ട് പ്രകാശിപ്പിച്ചു

### വേമ്പനാട് കായൽ വിസ്തൃതി 40 ശതമാനം കുറഞ്ഞു, സംരക്ഷണത്തിന് അതോറിറ്റി വേണം

ആലപ്പുഴ : ഒരു നൂറ്റാണ്ടിനുള്ളിൽ വേമ്പനാട് കായലിന്റെ വിസ്തൃതിയിൽ നാൽപ്പത് ശതമാനത്തിലേറെ കുറവുണ്ടായതായി കേരള ശാസ്ത്ര സാഹിത്യപരിഷത്തിന്റെ വേമ്പനാട് കായൽ കമീഷൻ റിപ്പോർട്ട് റിപ്പോർട്ട് മന്ത്രി ഡോ. തോമസ് ഐസക് മന്ത്രി ജെ മേഴ്സിക്കുട്ടി അമ്മക്ക് നൽകി പ്രകാശനം ചെയ്തു. വേമ്പനാട് കായലിൽ നടന്ന കയ്യേറ്റങ്ങളുടെ സ്വഭാവം പഠിക്കുന്നതിനും കായലിന്റെ പാരിസ്ഥിതിക പുനരുജ്ജീവനം സാധ്യമാക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമാണ് പ്രൊഫ. പ്രഭാത് പട്നായിക് ചെയർമാനും ഡോ.സി.ടി.എസ് നായർ മെമ്പർ സെക്രട്ടറിയുമായി പരിഷത്ത് കമീഷനെ നിയമിച്ചത്. കായലിന്റെ ശരാശരി ആഴം മൂന്നര മീറ്ററായി കുറഞ്ഞുവെന്നും രണ്ടായിരത്തിനു ശേഷം കായൽ കൈയേറ്റം ക്രമാതീതമായി വർധിച്ചുവെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. കായലിനോട് ചേർന്ന പ്രദേശങ്ങളുടെ നഗരവൽക്കരണം കയ്യേറ്റത്തിന്റെ വ്യാപ്തി വർധിപ്പിച്ചു. മൽസ്യസമ്പത്തിൽ വലിയ ശോഷണമുണ്ടായി. കായലിന്റെ പരിസ്ഥിതിയുടേയും ജൈവവൈവിധ്യത്തിന്റെയും വലിയ തോതിലുള്ള തകർച്ചയുണ്ടായി. നീരൊഴുക്കിൽ വ്യതിയാനം വന്നതിനാൽ കായലിന്റെ ഘടനയിൽ വലിയ മാറ്റമുണ്ടായി. ഖര, ദ്രവ മാലിന്യങ്ങളുടെ അളവിൽ ക്രമാതീതമായ വർധനയു ണ്ടാകുകയും കായലിന്റെവാഹക ശേഷി അനുദിനം കുറഞ്ഞുവരികയും ചെയ്യുന്നതായി റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. കായലിന്റെ സംരക്ഷണത്തിന് ജനപങ്കാളിത്തത്തോടെ പ്രത്യേക അതോറിറ്റി രൂപീകരിക്കണമെന്നും പരിസ്ഥിതി പുനസ്ഥാപനത്തിനുള്ള ദശവത്സരപദ്ധതി സാമൂഹിക പങ്കാളിത്തത്തോടെ നടപ്പാക്കണമെന്നും റിപ്പോർട്ട് നിർദേശിക്കുന്നു. നിയമ വിരുദ്ധ കൈയേറ്റങ്ങളും



കായൽ കമീഷൻ റിപ്പോർട്ട്, റിപ്പോർട്ട് മന്ത്രി ഡോ. തോമസ് ഐസക് മന്ത്രി മേഴ്സിക്കുട്ടിയമ്മയ്ക്ക് നൽകി പ്രകാശനം ചെയ്യുന്നു

മറ്റും അതതു സമയത്തുതന്നെ കണ്ടെത്തി നടപടികൾ സ്വീകരിക്കുക, വിവിധവകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല അതോറിറ്റി ഏറ്റെടുക്കുക, കായലിലെ ജലം, ഭൂമി, ജൈവവൈവിധ്യം തുടങ്ങിയ വിഭവങ്ങളുടെ മേലുള്ള സാമൂഹ്യനിയന്ത്രണം ഉറപ്പുവരുത്തുക തുടങ്ങിയവയാണ് മറ്റു നിർദേശങ്ങൾ, 2013ൽ രൂപീകരിച്ച കമ്മീഷൻ കുടുംബ സർവേ, ഫോക്കസ് ഗ്രൂപ്പുകളുമായി ചർച്ച എന്നിവ നടത്തി. സാധാരണക്കാർ, കായലുമായി ബന്ധപ്പെട്ടു ജീവിക്കുന്നവർ, ശാസ്ത്രജ്ഞർ തുടങ്ങിയവരുടെ അറിവും പഠനവും പങ്കുവച്ചു. ആലപ്പുഴ, കോട്ടയം ജില്ലകളിലും കൊച്ചിയുടെ 24 കായലോര ഡിവിഷനുകളിലും സർവേ നടത്തി. ആലപ്പുഴ വൈ.എം.സി.എ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കമീഷൻ ചെയർമാൻ പ്രൊഫ. പ്രഭാത് പട്നായിക്സ് മുഖ്യ പ്രഭാഷണം നടത്തി. പരിഷത്ത് പ്രസിഡന്റ് ടി.ഗംഗാധരൻ അധ്യക്ഷനായി. സി പി നാരായണൻ എം.പി, കമ്മീഷൻ അംഗം കെ ജി പ്രേംകുമാർ, പ്രൊഫ. എം കെ പ്രസാദ്, ഡോ. എം.പി പരമേ ശ്വരൻ, ഡോ. എസ് ശ്രീകുമാർ എന്നിവർ സംസാരിച്ചു. ജനറൽ സെക്രട്ടറി ടി കെ മീരാഭായ് സ്വാഗതവും ജില്ലാ സെക്രട്ടറി സി.പ്രവീൺലാൽ നന്ദിയും പറഞ്ഞു.

## യുവസമിതി സംസ്ഥാനസമ്മേളനം

### ശാസ്ത്രത്തെ ജീവിതരീതി ആക്കുന്നതിൽ സംഭവിച്ച പിഴവുകൾ ആണ് നിലവിലെ സാമൂഹിക പ്രതിസന്ധികൾക്ക് കാരണം - പ്രൊഫ.ടി.ജയരാമൻ




യുവസമിതി സംസ്ഥാന സമ്മേളനത്തിൽ പ്രൊഫ.ടി.ജയരാമൻ സംസാരിക്കുന്നു

യുവസമിതി സംസ്ഥാനസമ്മേളനം സെപ്തംബർ 22,23,24 തീയ്യതികളിലായി തിരുവനന്തപുരം ജില്ലയിൽ പാലോട് സ്കൗട്ട് ആന്റ് ഗൈഡ്സ് സെന്ററിൽ വച്ച് നടന്നു. സംസ്ഥാന ആസൂത്രണ ബോർഡ് അംഗം പ്രൊഫ. ടി ജയരാമൻ ആമുഖ പ്രഭാഷണം നടത്തി. ഭരണാധികാരികൾ അശാസ്ത്രീയമായ കാര്യങ്ങൾ പ്രചരിപ്പിക്കുന്നത് രാഷ്ട്രീയ ലക്ഷ്യത്തോടെയാണെന്ന് അദ്ദേഹം പറഞ്ഞു. കൃത്യമായ അറിവുകൾ ഉണ്ടായിട്ടും ബോധപൂർവമായ പ്രചാരണം ആണ് നടക്കുന്നത്. ശാസ്ത്രത്തെ ജീവിതരീതി ആക്കുന്നതിൽ സംഭവിച്ച പിഴവുകൾ ആണ് നിലവിലെ സാമൂഹികപ്രതിസന്ധികൾക്ക് കാരണം. ചരിത്രത്തെ വികലമാക്കാനുള്ള ശ്രമങ്ങളാണ് നിലവിൽ നടക്കുന്നത്. ഇതിനെതിരെ മതനിരപേക്ഷമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള മുന്നേറ്റങ്ങൾ ഉണ്ടാകണം. പാഠപുസ്തകങ്ങളിൽ പഠിപ്പിക്കുന്നതോ മറ്റു അക്കാദമികമോ ആയ ഒന്ന് മാത്രമല്ല ശാസ്ത്രം, അധ്വാനത്തെ ലഘൂകരിക്കുന്നതിനും സാമൂഹ്യ മാറ്റത്തിനും ഉള്ളതാണെന്നും അദ്ദേഹം പറഞ്ഞു. യുവസമിതി സംസ്ഥാന ചെയർമാൻ സി.എസ്. ശ്രീജിത്ത് ഉദ്ഘാടന സെഷനിൽ അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ മധു, വാമനപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ പി ചന്ദ്രൻ, ശാസ്ത്രസാഹിത്യ പരിഷത് പ്രസിഡന്റ് ടി ഗംഗാധരൻ, ജനറൽ സെക്രട്ടറി മീരാഭായി, പാലോട് മേഖലാ പ്രസിഡന്റ് എൻ ഗംഗാധരൻ പിള്ള എന്നിവർ സംസാരിച്ചു.

യുവസമിതിയുടെ സംസ്ഥാന കൺവീനർ ജയ്ശ്രീകുമാർ വാർഷിക റിപ്പോർട്ടും ചെയർമാൻ ശ്രീജിത് സി.എസ്. സംഘടനാരേഖയും അവതരിപ്പിച്ചു. കലാലയസമരങ്ങളുടെ നാൾവഴികൾ എന്ന സെഷനിൽ പോണ്ടിച്ചേരി, ഹൈദരാബാദ്, ജെ.എൻ.യു എന്നീ സർവകലാശാലകളിൽ നിന്നുള്ള വിദ്യാർത്ഥിപ്രതിനിധികൾ പങ്കെടുക്കുകയും പ്രതിനിധികളോട് സംവാദിക്കുകയും ചെയ്തു. 14 ജില്ലകളിൽ നിന്നായി 127 പ്രതിനിധികൾ ആണ് സമ്മേളനത്തിൽ പങ്കെടുത്തത്. 12 ജില്ലകളിൽ നിന്നും ഗവേഷകക്കൂട്ടം, സങ്കേതം എന്നീ വിഷയസമിതികളിൽ നിന്നുമുള്ള പ്രാതിനിധ്യം ഉണ്ടായിരുന്നു.

സമ്മേളനത്തിൽ അവതരിപ്പിച്ച പ്രമേയങ്ങൾ.

1.സ്വാശ്രയ വിദ്യാഭ്യാസ സങ്കൽപം പുന:പരി ശോധിക്കുക. 2 .പുനരധിവാസത്തിന്റെ ജാതിക്കോളനിമാതൃകകൾ അവസാനിപ്പിക്കണം 3.വൈക്കത്തഷ്ടമി : ജാതിതാലപ്പൊലി നിർത്തലാക്കുക.

# സമുദ്രം ആധുനികകാലത്തെ കുപ്പത്തൊട്ടിയായി പരിണമിക്കുന്നു - ഡോ.എം. ബിജുകുമാർ



ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ സംസാരിക്കുന്നു

തിരുവനന്തപുരം : വികസനമെന്ന് ഓമനപ്പേരിട്ടുവിളിക്കുന്ന പുതിയകാല ദുർനടപ്പുകൾക്ക് ഏറ്റവും വലിയ വിലകൊടുക്കേണ്ടത് സമുദ്രങ്ങളാണെന്നും എല്ലാ അഴുക്കുചാലുകളും കടലിലേക്ക് എന്നതാണ് നടപ്പുരീതിയെന്നും കേരള യൂണിവേഴ്സിറ്റി അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ് പ്രൊഫസർ ഡോ. എം.ബിജുകുമാർ അഭിപ്രായപ്പെട്ടു. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് നേതൃത്വത്തിൽ ശംഖുമുഖത്ത് സംഘടിപ്പിച്ച സമുദ്രമലിനീകരണത്തിനെതിരെയുള്ള ജനകീയ ക്യാമ്പയിനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നഗരമാലിന്യങ്ങളും വ്യാവസായിക മാലിന്യങ്ങളും ആണവമാലിന്യങ്ങൾപോലും നിക്ഷേപിക്കാനുള്ള കുപ്പത്തൊട്ടിയായാണ് ആധുനിക മനുഷ്യർ കടലിനെ കാണുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മഴവെള്ളത്തിൽ കലർന്ന് അല്ലവത്കരിക്കപ്പെട്ട് സമുദ്രത്തിലെത്തുന്ന കാർബൺ ഡൈഓക്സൈഡും സൾഫർ ഡൈഓക്സൈഡും ഉൾപ്പെടെ അന്തരീക്ഷത്തിലേക്ക് പുറന്തള്ളുന്ന വിഷവാതകങ്ങൾ സമുദ്രജലജീവികളുടെ ജൈവഘടനയിൽ വലിയ മാറ്റങ്ങളാണ് ഉണ്ടാക്കിയതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കാർബൺഡൈ ഓക്സൈഡിനെ വൻതോതിൽ ആഗിരണം ചെയ്ത് ആഗോളതാപനം നിയന്ത്രിക്കുന്നതിൽ സമുദ്രത്തിന്റെ പങ്ക് ചെറുതല്ല. മൺസൂൺ മഴയുടെ ഏറ്റക്കുറച്ചിലിനെ സ്വാധീനിക്കുന്നതും മറ്റൊന്നല്ല. മനുഷ്യൻ ഉൾപ്പെടെയുള്ള ജന്തുക്കൾക്ക് ആഹാരപദാർത്ഥങ്ങൾ പ്രദാനം ചെയ്യുന്നതിൽ മുന്നിൽ നിൽക്കുന്ന സമുദ്രങ്ങൾ പ്രകൃതിവിഭവങ്ങളുടെ സംഭരണികൂടിയാണ്.

അതിർത്തി രക്ഷാസേനയുടെയും ലയൺസ് ക്ലബ്ബിന്റെയും സഹകരണത്തോടെ പരിഷത്ത് സംഘടിപ്പിച്ച ബോധവത്കരണക്ലാസ്സും ശുചിത്വ പരിപാടിയും ബിഎസ്എഫ് സെക്ടർ ഹെഡ്ക്വാർട്ടേഴ്സ് ഡിഐജി ബാബുചന്ദ്രൻനായർ ഉദ്ഘാടനം ചെയ്തു. കെ.ശ്രീകുമാർ അധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ, ലയൺസ് ഡിസ്ട്രിക്ട് ഗവർണർ കെ. സുരേഷ്, കൗൺസിലർ സോളമൻ വെട്ടുകാട്, അഡ്വ. വി.കെ.നന്ദനൻ, അനിൽകുമാർ, ആൾസെയിന്റ്സ് കോളജ് എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ കെ. വിജയകുമാരി, കോട്ടൺഹിൽ പ്രിൻസിപ്പൽ കെ.ആർ. ജസീല എന്നിവർ സംസാരിച്ചു. പരിഷത്ത് മേഖലാ പ്രസിഡന്റ് ടി.പി. സുധാകരൻ സ്വാഗതവും സെക്രട്ടറി പി. പ്രദീപ് നന്ദിയും പറഞ്ഞു.

# പ്രപഞ്ചവും ജീവനും ശില്പശാല

ഐ.ആർ.ടി.സി : പ്രപഞ്ചവും ജീവനും ശില്പശാല സെപ്തംബർ 29, 30 തിയ്യതികളിൽ ഐഅർടിസിയിൽ വെച്ചു നടത്തി. ശാസ്ത്രാവബോധസമിതി കൺവീനർ ഏ.പി.മുരളീധരൻ സ്വാഗതമാശംസിച്ചു. പരിഷത്ത് സംസ്ഥാന പ്രസിഡണ്ട് ടി. ഗംഗാധരൻ ഉദ്ഘാടനം നിർവഹിച്ചു. ഡോ.കെ.പി.അരവിന്ദൻ ആമുഖം അവതരിപ്പിച്ചു. ജീവൻ സെഷനുകൾ ഡോ.കെ.പി.അരവിന്ദനും ഡോ.ഹരികുമാരനും ചേർന്നാണ് നയിച്ചത്.

1. ആധുനിക ബയോളജി: ഡാർവിൻ മുതൽ ജിനോം വരെ 2. കോശം: ജീവന്റെ അടിസ്ഥാന ഘടകം 3. പരിണാമം: ലൂക്കയിൽ നിന്ന് ജൈവ വൈവിധ്യത്തിലേക്ക് 4. മനുഷ്യപരിണാമം: ലൂസിയുടെ മക്കൾ 5. ഉല്പത്തി: സയൻസിന്റെ കണ്ണിൽ 6. തന്മാത്രാ സാങ്കേതികവിദ്യയുടെ അത്ഭുതലോകം.

പ്രപഞ്ചം സെഷനുകൾ: 1. പ്രപഞ്ച വിജ്ഞാനത്തിലെ പടവുകൾ ; ടി.കെ. ദേവരാജൻ, 2. മഹാവിസ്ഫോടനവും ശേഷവും : ഡോ.ടൈറ്റസ് കെ മാത്യു, 3. നക്ഷത്രങ്ങളുടെ ജനനവും മരണവും : ഡോ എൻ ഷാജി, 4. നീലഗോളവും അയൽക്കാരും എങ്ങനെ ഉണ്ടായി : പ്രൊ. കെ പാപ്പൂട്ടി, 5. ബഹിരാകാശ ജാലകം : പി. എം സിദ്ധാർത്ഥൻ, 6. ഉള്ളിന്റെയുള്ളിൽസൂക്ഷ്മ പ്രപഞ്ചം : ഡോ. മധു കെ.

ജീവൻ വിഭാഗത്തിൽ 49 ഉം പ്രപഞ്ചം വിഭാഗത്തിൽ 54 ഉം പേരാണ് (മൊത്തം 103) പങ്കാളികളായത്. ശാസ്ത്രാധ്യാപകർ :47, ശാസ്ത്രഗവേഷകർ:10, ശാസ്ത്ര ഡിഗ്രി/ പിജി വിദ്യാർത്ഥികൾ:27, മറ്റുള്ളവർ:19. ശില്പശാലയുടെ ചില പരിമിതികളും തുടർക്ലാസ്സുകൾ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളും പങ്കാളികൾ എഴുതി നൽകി.

# മീസിൽസ് - റുബെല്ല പ്രതിരോധ കുത്തിവെപ്പ് ക്യാംപെയിൻ വിജയിപ്പിക്കുക

പത്രക്കുറിപ്പ്

ഒക്ടോബർ 3 മുതൽ ഇന്ത്യയിലൊട്ടാകെ മീസിൽസ് റുബെല്ല പ്രതിരോധ കുത്തിവെപ്പ് ക്യാംപെയിൻ നടക്കുകയാണ്. 9 മാസം മുതൽ 15 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും ഒരുമിച്ച് ഒരേ സമയം കുത്തിവെപ്പ് നൽകാനുള്ള പരിപാടിയാണിത്. ഇതുവഴി രോഗപ്രസരണം പൂർണമായും തടയുകയെന്നതാണ് ഈ ക്യാംപെയിന്റെ ലക്ഷ്യം. മേൽപറഞ്ഞ പ്രായപരിധിയിലുള്ള 95%ത്തിലധികം പേർ കുത്തിവെപ്പ് എടുക്കുന്നതിലൂടെ സമൂഹത്തിന്റെ മൊത്തത്തിലുള്ള പ്രതിരോധ ശക്തി (herd immunity) വർധിക്കുകയും ചെയ്യും. അതോടെ രോഗാണുക്കൾക്ക് പുതിയ ആളുകളിലേയ്ക്ക് പടരാൻ സാധിക്കാതെ വരികയും രോഗം ക്രമേണ ഇല്ലാതാവുകയും ചെയ്യും. അതുകൊണ്ടുതന്നെ ജനങ്ങളുടെ പരിപൂർണമായ സഹകരണവും പങ്കാളിത്തവും ഈ പരിപാടിയുടെ വിജയത്തിന് ആവശ്യമാണ്. നിക്ഷിപ്ത താൽപര്യക്കാരായ ചില വ്യക്തികളും സംഘടനകളും അശാസ്ത്രീയമായ വാക്സിൻ വിരുദ്ധ പ്രചാരണങ്ങളുമായി ഇത്തവണയും രംഗത്ത് വന്നിട്ടുണ്ട്. ജനങ്ങൾക്കിടയിൽ ആശയക്കുഴപ്പം സൃഷ്ടിക്കാൻ ഇത്തരം വ്യാജ പ്രചാരണങ്ങൾ കാരണമാകുന്നുണ്ട്. അത്തരക്കാർക്ക് എതിരെ സത്വരമായ നിയമനടപടികൾ സ്വീകരിക്കണമെന്നും പൊതുസമൂഹത്തിൽ വ്യാപകമായ ബോധവൽക്കരണ പ്രവർത്തനത്തിന് നേതൃത്വം നൽകണമെന്നും കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് സർക്കാരിനോട് ആവശ്യപ്പെടുന്നു.

# എഞ്ചിനീയറിംഗ് ഇന്നൊവേറ്റേഴ്സ് മീറ്റ്



എഞ്ചിനീയറിംഗ് ഇന്നോവേറ്റേഴ്സ് മീറ്റിൽ ഡോ.എം.പി.പരമേശ്വരൻ യുവ എഞ്ചിനീയർമാരുമായി സംവദിക്കുന്നു

ഐ.ആർ.ടി.സി : 2017 ഓഗസ്റ്റ് 27,28 തീയതികളിൽ ഐആർടിസിയിൽ വച്ച് എഞ്ചിനീയറിംഗ് വിദ്യാർത്ഥി സംഗമം നടന്നു. അവസാന വർഷ എഞ്ചിനീയറിംഗ് പ്രോജക്ടുകളിൽ സാമൂഹ്യ പ്രാധാന്യമുള്ളവയെ കണ്ടെത്തി Show-case ചെയ്യുക, അവയുടെ തുടർച്ചക്കും തുടർപഠനത്തിനും വേണ്ട സഹായങ്ങൾ എത്തിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് എഞ്ചിനീയറിംഗ് ഇന്നൊവേറ്റേഴ്സ് മീറ്റ് സംഘടിപ്പിച്ചത്. ശാസ്ത്രസാങ്കേതിക വിദ്യകളുടെ വികാസ ചരിത്രം, മറ്റൊരു ലോകനിർമിതിയിൽ എഞ്ചിനിയറുടെ പങ്ക്, ശാസ്ത്രവും ശാസ്ത്രബോധവും, എഞ്ചിനീയറിംഗ് മേഖലയും സംരംഭകത്വവും, നാടിനുവേണ്ട സങ്കേതികവിദ്യ, മാലിന്യം സമ്പത്താക്കാം, ബദൽ ഊർജം, നിർമാണ മേഖലയിലെ ബദൽ അന്വേഷണങ്ങൾ, വിവരസാങ്കേതിക വിദ്യയും അറിവിന്റെ ജനാധിപത്യവും തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകളും ചർച്ചകളും നടന്നു.

തുടർന്ന് എഞ്ചിനീയറിംഗ് വിദ്യാർത്ഥി കൂട്ടായ്മയായ 'സങ്കേതം' രൂപീകരിച്ചു. സുസ്ഥിര വികസനത്തിലൂന്നിയ അന്തർവൈജ്ഞാനിക ചർച്ചകൾക്കാണ് സങ്കേതം പ്രാധാന്യം കൊടുക്കുന്നത്. സങ്കേതത്തിന്റെ രൂപീകരണത്തിനു ശേഷം മാലിന്യ സംസ്കരണം എന്ന വിഷയത്തിലും എഞ്ചിനീയറിംഗ് പ്രോജക്ട് എന്ത്?, എങ്ങനെ? എന്ന വിഷയത്തിലും 2 വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചു. യുവസമിതിയുടെ എഞ്ചിനീയറിംഗ് വിദ്യാർഥി കൂട്ടായ്മയാണ് ഇന്നോവേറ്റേഴ്സ് മീറ്റ് സംഘടിപ്പിച്ചത്.

# അറവുശാലകളിൽ ഉറവിട മാലിന്യ സംസ്കരണം ഉറപ്പുവരുത്തണം

കോഴിക്കോട് : കോഴിക്കോട് ബീച്ച് ഭാഗത്ത് കടലിലേക്ക് മാലിന്യങ്ങൾ തള്ളുന്നതിൽ നിന്നും അറവുശാലകളെ കർശനമായി തടയണമെന്ന് കോഴിക്കോട് കോർപ്പറേഷനോടും ജില്ലാ ഭരണകൂടത്തോടും ശാസ്ത്രസാഹിത്യ പരിഷത്ത് കോഴിക്കോട് ജില്ലാപരിസരസമിതി ആവശ്യപ്പെട്ടു.

നഗരത്തിലേയും പ്രാന്തപ്രദേശങ്ങളിലേയും അറവ് ശാലകളിലെ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. അങ്ങനെ ചെയ്യാത്തവരുടെ ലൈസൻസ് റദ്ദാക്കണമെന്നും സമിതി ആവശ്യപ്പെട്ടു. യോഗത്തിൽ മണലിൽ മോഹനൻ അധ്യക്ഷത വഹിച്ചു. പ്രൊഫ. കെ.ശ്രീധരൻ, ഇളവനി അശോകൻ, ഐ. രാമദാസൻ, ജില്ലാ കൺവീനർ കെ.പ്രഭാകരൻ എന്നിവർ സംസാരിച്ചു.

## ജനറൽ സെക്രട്ടറിയുടെ കത്ത്

# കേരളം ശാസ്ത്രത്തോടൊപ്പം

പരിഷത്തിന്റെ ജന്മോദ്ദേശം ജനങ്ങളിൽ ശാസ്ത്രബോധം ഉണ്ടാക്കുക എന്നതാണ്. നവോത്ഥാന കാലഘട്ടത്തിന്റെ തുടർച്ചയായാണ് ശാസ്ത്രബോധന പ്രവർത്തനത്തെ പരിഷത്ത് കണ്ടത്. 1976ലെ ഭരണഘടനാ ഭേദഗതിയും ഈ ലക്ഷ്യത്തെ സാധൂകരിക്കുന്നതായിരുന്നു. ജനങ്ങളിൽ ശാസ്ത്രബോധം ഉണ്ടാക്കുക എന്നത് പൗരന്റെ കടമയായി വിവക്ഷിക്കുന്ന രാജ്യമാണ് നമ്മുടേത്. മതേതരത്വത്തിലും ശാസ്ത്രബോധത്തിലും സാമൂഹ്യനീതിയിലും സാംസ്കാരിക വൈവിധ്യത്തിലും അധിഷ്ഠിതമാണ് നമ്മുടെ ഭരണഘടന. ഉയർന്ന വിദ്യാഭ്യാസം ഉള്ളതുകൊണ്ട് മാത്രം ശാസ്ത്രബോധം ഉള്ളവരാകണമെന്നില്ല എന്ന് നാം തിരിച്ചറിഞ്ഞു കൊണ്ടിരിക്കുകയാണ്. മിത്തുകളെ ചരിത്രമാക്കി വ്യാഖ്യാനിക്കുകയും ആചാരങ്ങളും വിശ്വാസങ്ങളും സർക്കാരിന്റെ ഗവേഷണ വിഷയമായി മാറിയിരിക്കുകയും ചെയ്യുന്ന അസുഖകരമായ രാഷ്ട്രീയ കാലഘട്ടത്തിലാണ് നാം ജീവിച്ചു കൊണ്ടിരിക്കുന്നത്.

ലോകത്താകമാനം തന്നെ ശാസ്ത്രവിരുദ്ധതയുടെയും വർഗീയ ദേശീയതയുടേയും തീവ്രവലതുപക്ഷ ചിന്താഗതികളുടേയും കൂട്ടുകെട്ട് പ്രത്യക്ഷത്തിൽ തന്നെ അരങ്ങ് കീഴടക്കാൻ ശ്രമിക്കയാണ്. ഇതിനെതിരായി ജനകീയ പ്രക്ഷോഭങ്ങളും ഉയർന്നു വരുന്നുണ്ട് എന്നത് ശുഭോദർക്കമായ കാര്യമാണ്. കഴിഞ്ഞ മാർച്ച് 22 ന് അമേരിക്കയിലടക്കം നാനായിടങ്ങളിൽ ശാസ്ത്രജ്ഞൻമാർ തെരുവിലിറങ്ങി മാർച്ച് ഫോർ സയൻസ് സംഘടിപ്പിച്ചത് ശാസ്ത്ര സാഹിത്യ പരിഷത്ത് പോലുള്ള സംഘടനകളെ സംബന്ധിച്ചിടത്തോളം ഊർജ്ജദായകമാണ്. പരിണിതപ്രജ്ഞരായ ശാസ്ത്രജ്ഞന്മാരുടെ ജീവിതവും പ്രവർത്തനവും എങ്ങനെയാണ് മാനവസമൂഹത്തെ മാറ്റിത്തീർക്കുന്നതിന് കാരണമാകുന്നത് എന്ന് നിരന്തരം സാമാന്യജനങ്ങളെ ബോധ്യപ്പെടുത്തിക്കൊണ്ടേ, കാര്യകാരണബന്ധത്തോടെയുള്ള സാമൂഹ്യചിന്ത ഉയർത്തിക്കൊണ്ടുവരാൻ കഴിയൂ.

അതിന് വേണ്ടിയുള്ള അവസരമാക്കിയാണ് മാഡം ക്യൂറിയുടേയും സി.വി രാമന്റേയും ജവഹർലാൽ നെഹ്റുവിന്റേയും ജന്മദിനങ്ങളെ ആഘോഷമാക്കാൻ നമ്മൾ തീരുമാനിച്ചിട്ടുള്ളത്.

നവംബർ 7 ( മാഡം ക്യൂറി, സി.വി രാമൻ ജന്മദിനം) മുതൽ നവംബർ 14 (നെഹ്റുവിന്റെ ജന്മദിനം) വരെയുള്ള ദിവസങ്ങളിൽ കേരളം ശാസ്ത്രത്തോടൊപ്പം (Kerala Rally For Science)എന്ന പരിപാടി നാം തീരുമാനിച്ചിരിക്കുകയാണ്. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ സഹകരണത്തോടുകൂടിയാണ് നാമിത് നടപ്പിലാക്കുന്നത്. അതുകൊണ്ട് തന്നെ ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിനുള്ള ഒരു വലിയ സാധ്യത നമുക്ക് തുറന്നു കിട്ടിയിട്ടുണ്ട്. വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞരും ഗവേഷകവിദ്യാർഥികളും അധ്യാപകരുമെല്ലാമായി കൈകോർത്ത് റാലികൾ, സംവാദങ്ങൾ, പ്രദർശനങ്ങൾ, കുട്ടികളുടെ ഇടയിലുള്ള നിരവധി പ്രവർത്തനങ്ങൾ, സാംസ്കാരിക പ്രവർത്തനങ്ങൾ തുടങ്ങി യുക്തിയിലും ശാസ്ത്രബോധചിന്തയിലും ഊന്നിയ കേരളം സാധ്യമാണ് എന്ന സന്ദേശമാണ് നാം എത്തിക്കേണ്ടത്.

ജനങ്ങൾ ശാസ്ത്രത്തിനുവേണ്ടി ശാസ്ത്രം ജനങ്ങൾക്കുവേണ്ടി, എന്നതാണ് നമ്മുടെ മുദ്രാവാക്യം

സ്നേഹത്തോടെ
ടി.കെ.മീരാഭായ്

ഗ്രാമപത്രം

**ജനാധിപത്യബോധവും സമത്വബോധവും ഉണ്ടായിവരേണ്ടത് വിദ്യാഭ്യാസപ്രക്രിയയിലൂടെത്തന്നെയാണ്.**

**രാഷ്ട്രീയപ്രവർത്തനത്തിന്റെ ബാലപാഠങ്ങൾ കലാലയത്തിൽനിന്നുതന്നെ പഠിക്കണം.**

**വിദ്യാർഥികളുടെ ജനാധിപത്യഅവകാശങ്ങൾ നിഷേധിക്കരുത്.**

# സ്ത്രീസൗഹൃദ പഞ്ചായത്ത് - ശില്പശാല




ശില്പശാല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി. പി. ദിവ്യ നിർവഹിക്കുന്നു

**കണ്ണൂർ : സ്ത്രീസൗഹൃദ പഞ്ചായത്ത് കണ്ണൂർ ജില്ലാതല ശില്പശാലയുടെ ഉദ്ഘാടനം 2017 ആഗസ്റ്റ് 30 ഞായറാഴ്ച പെരളശ്ശേരി വി. കെ. രാഘവൻ മെമ്മോറിയൽ പഞ്ചായത്ത് ഹാളിൽ പെരളശ്ശേരി പഞ്ചായത്ത് പ്രസിഡന്റ് എ.കെ.ചന്ദ്രൻമാസ്റ്റർ അധ്യക്ഷത വഹിച്ച ചടങ്ങിൽ സംസ്ഥാന പ്രസിഡന്റ് ടി. ഗംഗാധരൻ അധികാര വികേന്ദ്രീകരണത്തിന്റെ രാഷ്ട്രീയം എന്ന വിഷയം അവതരിപ്പിച്ചു. കേന്ദ്ര നിർവ്വാഹക സമിതി അംഗം കെ. വിലാസിനി ആമുഖാവതരണം നടത്തി. തുടർന്ന് എന്താണ് ലിംഗതുല്യത / എന്തുകൊണ്ട് ലിംഗതുല്യതാ സമീപനം എന്ന വിഷയത്തിൽ ഡോക്ടർ രാജേഷ് അവതരണം നടത്തി. കുടുംബം, പൊതുഇടം, കൈമാറിയ സ്ഥാപനങ്ങൾ, തൊഴിലിടം, സംഘടനകൾ എന്നിവയൊക്കെ എത്രമാത്രം സ്ത്രീസൗഹൃദപരമാണെന്ന കാര്യം ഗ്രൂപ്പ് ചർച്ചയിലൂടെ കണ്ടെത്തുകയും ക്രോഡീകരിച്ച് അവതരിപ്പിക്കുകയും ചെയ്തു.**

**സ്ത്രീ സൗഹൃദപരത/ലിംഗതുല്യത ഉറപ്പാക്കാനുള്ള മാർഗ്ഗങ്ങളും അവയുടെ പഞ്ചായത്തുതല പ്രായോഗികതയും പി. വി. വിനോദ് (ആലപ്പുഴ) അവതരിപ്പിച്ചു. പഞ്ചായത്തിന്റെ ചരിത്രവും സാമൂഹ്യപരിച്ഛേദവും വിളിച്ചറിയിക്കുന്നതായിരുന്നു അവതരണം.**

**പഞ്ചായത്തിനെ സഹായിക്കുന്നതിനായി 15 അംഗ പ്രവർത്തകസമിതിയെ (സബ്കമ്മറ്റി)യെ തിരഞ്ഞെടുത്തു. ക്യാമ്പിന്റെ ഉദ്ദേശലക്ഷ്യങ്ങളും ഉടൻ നടത്തേണ്ട പ്രവർത്തനങ്ങളും സംസ്ഥാന ജന്റർവിഷയസമിതി കൺവീനർ പി. ഗോപകുമാർ അവതരിപ്പിക്കുകയും ചെയ്തു. മുതിർന്ന പരിഷത്ത് പ്രവർത്തകരായ രത്നാകരൻ, മോയി, ബാലകൃഷ്ണൻ എന്നിവരുടെ സാന്നിധ്യം ശില്പശാലയ്ക്ക് ഏറെ ഉണർവ്വേകി. കണ്ണൂർ ജില്ലാ ജന്റർ വിഷയസമിതി കൺവീനറും സംഘാടക സമിതി കൺവീനറുമായ പി. വി. രഹന സ്വാഗതവും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ പി. സി. സുനില നന്ദിയും പറഞ്ഞു. കണ്ണൂർ ജില്ലയിലെ വിവിധപഞ്ചായത്തുകളിൽ നിന്നായി ആകെ 87 പേർ പങ്കെടുത്തു.**

പത്രക്കുറിപ്പ്

# നഗരപ്രദേശങ്ങളിൽ കേന്ദ്രീകൃത മാലിന്യസംസ്കരണ പ്രോജക്ടുകൾ കൊണ്ടുവരാനുള്ള തീരുമാനത്തിൽ നിന്ന് പിൻമാറുക.

കേരളത്തിൽ ഉറവിട മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ നടപ്പാക്കിവരുന്ന പ്രവർത്തനങ്ങളെ സ്വാഗതം ചെയ്ത സംഘടനയാണ് ശാസ്ത്ര സാഹിത്യ പരിഷത്ത്. ഇക്കാര്യത്തിൽ പരിഷത്ത് സംഘടനയക്ക് ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുകയും ചെയ്യുന്നുണ്ട്.

ഉറവിടമാലിന്യസംസ്കരണം പ്രധാന തന്ത്രമായി സ്വീകരിച്ചുകൊണ്ട് ജനപങ്കാളിത്തത്തോടെ നടപ്പിലാക്കി ഏതാനും മാതൃകകൾ സൃഷ്ടിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ മാലിന്യപ്രശ്നം സങ്കീർണമാകാൻ കാരണം സാങ്കേതികവിദ്യകളുടെ അഭാവമല്ല. മാലിന്യശേഖരണം, തരംതിരക്കൽ, കടത്ത് എന്നിവയാണ് വലിയ പ്രശ്നമായി നിലനിൽക്കുന്നത്. ഇത് സമൂഹത്തിന്റെ മനോഭാവവുമായി ബന്ധപ്പെട്ടതാണ്. താൻ ഉൽപാദിപ്പിക്കുന്ന മാലിന്യം എടുത്തുമാറ്റാൻ മറ്റൊരാൾ വേണമെന്ന മനഃസ്ഥിതി നിലനിൽക്കുന്നിടത്തോളം മാലിന്യപ്രശ്നം പരിഹരിക്കപ്പെടുകയില്ല. "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം" എന്ന ബോധത്തോടെ ഉറവിടത്തിൽ മാലിന്യം സംസ്ക്കരിക്കുകയാണ് പ്രശ്നപരിഹാരത്തിനുള്ള ഫലപ്രദമായ രീതി. ഇക്കാര്യത്തിൽ ഗ്രാമ-നഗര വ്യത്യാസം കേരളത്തിലില്ല.

ഇപ്പോൾ കേരളത്തിലെ നഗരങ്ങളിലെ മാലിന്യങ്ങളിൽ നിന്ന് ഊർജ്ജം ഉൽപാദിപ്പിക്കുന്ന കേന്ദ്രീകൃതമാലിന്യസംസ്കരണ പ്ലാന്റുകൾ ആഗോള ടെണ്ടർ വിളിച്ച് സ്ഥാപിക്കാൻ പോകുന്നതായി അറിയുന്നു. ഇത്തരം കേന്ദ്രീകൃതമാലിന്യസംസ്കരണ പ്ലാന്റുകൾ മിക്കതും സാങ്കേതികവിദ്യവില്പനക്കാർക്ക് നേട്ടങ്ങളുണ്ടാക്കിക്കൊടുക്കുന്നത് മാത്രമായിത്തീർന്നതാണ് മുൻ അനുഭവങ്ങൾ. കഴിഞ്ഞ 10-15 വർഷമായി കേരളത്തിൽ വളരെ ശ്രമകരമായി വികസിപ്പിച്ചെടുത്ത വികേന്ദ്രീകൃതമാലിന്യസംസ്കരണ സാംസ്കാരത്തെയാണ് ഈ തീരുമാനങ്ങളിലൂടെ തള്ളിക്കളയുന്നത്.

അതിനാൽ നഗരങ്ങളിലെ കേന്ദ്രീകൃതമാലിന്യസംസ്കരണ പദ്ധതികളിൽ നിന്നും പിന്മാറണമെന്നും പകരം ഉറവിട മാലിന്യസംസ്കരണത്തിനുള്ള ബഹുജനപ്രസ്ഥാനം വളർത്തിയെടുക്കാനുള്ള നടപടികൾ ഊർജ്ജിതമാക്കണമെന്നും കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് കേരള സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

# കേരളം സംവാദാത്മകമായി

**കേ**രളം നേരിടുന്ന സമകാലീന വികസന സാംസ്കാരിക പ്രശ്നങ്ങൾ ജനസാമാന്യവുമായി ചർച്ച ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ശാസ്ത്ര സാഹിത്യ പരിഷത്ത് **മറ്റൊരു കേരളം സാധ്യമാണ്** എന്ന പൊതു തലക്കെട്ടിൽ ജനസംവാദയാത്രകൾ സംഘടിപ്പിച്ചത്. വികസനസംവാദയാത്ര സെപ്തംബർ 30 മുതൽ ഒക്ടോബർ 3 വരെ നടന്നു. ആകെയുള്ള 136 മേഖലകളിൽ 17മേഖലകളിൽ മാത്രമാണ് സംവാദം എത്താതെ പോയത്. കാസർഗോഡ് (കാസർഗോഡ്) ,എടക്കാട്,കൂത്തുപറമ്പ്(കണ്ണൂർ), കൊണ്ടോട്ടി,മലപ്പുറം,അരീക്കോട്, വണ്ടൂർ തിരൂർ, തിരൂരങ്ങാടി (മലപ്പുറം),ചെർപ്പുളശ്ശേരി,പട്ടാമ്പി,ഒറ്റപ്പാലം,മണ്ണാർക്കാട്(പാലക്കാട്), ചാരുംമൂട്, (ആലപ്പുഴ), മല്ലപ്പള്ളി,പത്തനംതിട്ട,റാന്നി(പത്തനംതിട്ട),കോതമംഗലം (എറണാകുളം) എന്നിവയൊഴികെ മേഖലാക്കമ്മിറ്റികൾ നിലവിലുള്ള മുഴുവൻ സ്ഥലങ്ങളിലും സംവാദം നടന്നു. ഇത് ആകെ ലക്ഷ്യത്തിന്റെ 87.5% ആണ്. ഇവയിൽ ചാരുംമൂട്, കായംകുളം,എടക്കാട് മേഖലകളിലും ഇപ്പോൾ മേഖലാക്കമ്മിറ്റികൾ നിലവിലില്ലാത്ത മാവേലിക്കര,അടിമാലി,ഇടുക്കി മേഖലകളിലും ഒക്ടോബർ 10 ആകുമ്പോൾ സംവാദം പൂർത്തീകരിക്കും.ഒരു മേഖലയിൽ3കേന്ദ്രങ്ങൾ വീതം ആകെ408 കേന്ദ്രങ്ങളാണ്പ്രതീക്ഷിച്ചത്. ഇപ്പോൾത്തന്നെ 418 കേന്ദ്രങ്ങൾ നടന്നുകഴിഞ്ഞു.



## വളരുന്ന വലതുപക്ഷബോധം ആശങ്കപ്പെടുത്തുന്നു - ജനകീയ സംവാദം

കോലഞ്ചേരി : പുക്കാട്ടുപടി യൂണിറ്റും മുറിവിലങ്ങ് ഗ്രാമീണ വായനശാലയും ചേർന്ന് ജനകീയ സംവാദം സംഘടിപ്പിച്ചു. ഒക്ടോബർ 8ന് വൈകിട്ട് 7ന് വായനശാലാ ഹാളിൽ പ്രസിഡന്റ് പി.വി ബേബി അധ്യക്ഷത വഹിച്ച സംവാദത്തിൽ സെക്രട്ടറി എ ബി ഏല്യാസ് സ്വാഗതം പറഞ്ഞു. ജില്ലാ കമ്മറ്റി അംഗം എസ് എസ് മധു വിഷയാവതരണം നടത്തി . പുരോഗമന കലാസാഹിത്യ സംഘം ജില്ലാ സെക്രട്ടറി കെ രവിക്കുട്ടൻ തന്റെ പ്രതികരണത്തിൽ പുരോഗമന പ്രസ്ഥാനങ്ങളിലെ പ്രവർത്തകരിൽ വളർന്നു വരുന്ന വലതുപക്ഷ ബോധത്തിൽ ആശങ്ക രേഖപ്പെടുത്തി. വ്യക്തിപരമായ ജീവിതത്തിൽ പുരോഗമനാശയങ്ങൾ പകർത്തുന്നതിന് അവർക്കാകണം . രാജ്യത്തെ സമീപകാല സംഭവങ്ങൾ പ്രതിസന്ധികളുടെ ആഴം വർദ്ധിപ്പിക്കുന്നതായും അദേഹം പറഞ്ഞു . സി പി ഐ (എം) ലോക്കൽ സെക്രട്ടറി കെ.കെ . ഏല്യാസ് , ബേബി ഏല്യാസ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. പ്രദേശത്തെ കരിങ്കൽ ക്വാറികൾ ഉയർത്തുന്ന ഭീഷണികൾ ചർച്ചയിൽ ഉയർന്നു വന്നു. മേഖലാ കമ്മറ്റി അംഗം എൻ കെ നന്ദകുമാർ ആമുഖവും രാജു എൻ കെ നന്ദിയും പറഞ്ഞു. 37 പേർ പങ്കെടുത്തു

## സംവാദയാത്ര മാനന്തവാടി

വയനാട് : മാനന്തവാടി മേഖല വികസന സംവാദ യാത്രയ്ക്ക് വെള്ളമുണ്ട യൂണിറ്റിൽ നൽകിയ സ്വീകരണത്തിൽ പി.സുരേഷ് ബാബു വിഷയം അവതരിപ്പിച്ചു. സതിശൻ മാസ്റ്റർ സ്വാഗതം പറഞ്ഞു. ചർച്ചയിൽ വിവേക് , നസീർ, ഇ.കെ.ജയരാജൻ എന്നിവർ സംസാരിച്ചു. പരിഷത്ത് ഉൽപ്പന്നങ്ങൾ പ്രചരിപ്പിച്ചതിലൂടെ ലഭിച്ച തുക ജാഥാ ക്യാപ്റ്റൻ പി.കുഞ്ഞികൃഷ്ണൻ ഏറ്റ് വാങ്ങി. വി.കെ.ശ്രീധരൻ മാസ്റ്റർ നന്ദി പറഞ്ഞു

## വികസന സംവാദം

ചെറായി : വൈപ്പിൻ മേഖല സംവാദം ദേവസ്വംനട യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 3ന് വൈകിട്ട് 4 മുതൽ നടന്നു . ജില്ലാ കമ്മറ്റി അംഗം എം കെ ദേവരാജൻ മാസ്റ്റർ അധ്യക്ഷത വഹിച്ച സംവാദത്തിൽ കൂടൽ ശോഭൻ വിഷയം അവതരിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ഡോ കെ കെ ജോഷി ഉദ്ഘാടനം ചെയ്തു സംസാരിച്ചു. മുൻ പഞ്ചായത്ത് പ്രസിഡന്റ് ഭരതൻ മാസ്റ്റർ ചർച്ചയിൽ പങ്കെടുത്തു . മേഖലാ വൈസ് പ്രസിഡൻറ് എൻ കെ സുരേഷ് സ്വാഗതം പറഞ്ഞു . 27 പേർ പങ്കെടുത്തു

## വികസന സംവാദം

തമ്മനം : തമ്മനം യൂണിറ്റ് ഒക്ടോബർ 2ന് വൈകുന്നേരം 4.30 ന് പള്ളിശ്ശേരിറോഡിൽ സുവർണ വായനശാലയിൽ വച്ച് വികസന സംവാദം സംഘടിപ്പിച്ചു. 19 പേർ പങ്കെടുത്തു. ശ്യാമളടീച്ചർ ആയിരുന്നു അധ്യക്ഷ. ഡോ.പി.ജലജ സ്വാഗതവും എ.ആർ മാർട്ടിൻ ആമുഖാവതരണവും നടത്തി. മദ്യ ഉപഭോഗ വർധനയിൽ എല്ലാവരും ഉത്കണ്ഠ രേഖപ്പെടുത്തി. ഇംഗ്ലീഷ് വിദ്യാഭ്യാസം തൊഴിലന്വേഷണത്തിന്റെ ഭാഗമായി അനിവാര്യമാണെന്ന് അഭിപ്രായം ഉയർന്നു വന്നു. മാലിന്യ സംസ്കരണം ചർച്ച ചെയ്തു. സംവാദശേഷം വികസനസമിതി രൂപീകരിച്ചു. ചെയർമാൻ - റസീന ടീച്ചർ, വൈസ് ചെയർമാൻ - വിബിൻ, കൺവീനർ - അർജുൻ.

## വികസന സംവാദ യാത്ര സമാപിച്ചു




വികസനസംവാദ യാത്രയിൽ മന്ത്രി ഡോ.തോമസ് ഐസക് സംസാരിക്കുന്നു

ആലപ്പുഴ : മറ്റൊരു കേരളം സാധ്യമാണ് എന്ന സന്ദേശവുമായി കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ചേർത്തല, തൈക്കാട്ടുശ്ശേരി, പട്ടണക്കാട് എന്നീ മേഖലകളുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 1ന് രാവിലെ കടക്കരപ്പള്ളിയിൽ നിന്നാരംഭിച്ച വികസന സംവാദയാത്ര വയലാർ, അരൂർ, അരൂക്കുറ്റി, മാക്കേക്കടവ്, തിരുനല്ലൂർ, ചേർത്തല, അരീപ്പറമ്പ് എന്നിവിടങ്ങളിൽ പര്യടനം നടത്തി ഒക്ടോബർ 3ന് വൈകിട്ട് മുഹമ്മ കല്ലാപ്പുറത്ത് സമാപിച്ചു.

സമാപന സമ്മേളനം പി.കെ.മേദിനി ഉദ്ഘാടനം ചെയ്തു. ഡോ.വി.എൻ.ജയചന്ദ്രൻ, എൻ കെ.പ്രകാശൻ, ഡോ.ടി.പ്രദീപ്, അഡ്വ.ജലജാചന്ദ്രൻ, എൻ.ആർ.ബാലകൃഷ്ണൻ, പി.സുരേന്ദ്രൻ, രവീന്ദ്രനാഥ് എന്നിവർ സംസാരിച്ചു. അഖിൽ അശോകൻ സ്വാഗതവും ഡി.സന്ദീപ് കുമാർ നന്ദിയും പറഞ്ഞു.

പരിപാടിയുടെ ഭാഗമായി 9 സ്വീകരണ കേന്ദ്രങ്ങളിലും വികസന സംവാദങ്ങൾ നടന്നു. സംവാദങ്ങൾക്കു മുമ്പായി ജാഥാംഗങ്ങൾ ചെറുസംഘങ്ങളായി തിരിഞ്ഞ് ചുറ്റുമുള്ള അഞ്ഞൂറു വീടുകൾ സന്ദർശിച്ച് പ്രചാരണം നടത്തി. സാധ്യമാണ് പുതിയൊരു കേരളം എന്ന ഗാനത്തോടെയാണ് ഓരോ കേന്ദ്രത്തിലും പരിപാടികൾ ആരംഭിച്ചത്. ഈ ക്യാംപെയ്ൻ ശക്തമായി മുന്നോട്ട് കൊണ്ടു പോകണമെന്ന് ചർച്ചയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

## സംവാദയാത്ര സമാപിച്ചു.

കാഞ്ഞങ്ങാട് : സെപ്തംബർ 29, 30, ഒക്ടോബർ 1 തിയ്യതികളിൽ സംഘടിപ്പിച്ച കാഞ്ഞങ്ങാട് മേഖലാതല സംവാദയാത്രയുടെ ഒന്നാം ഘട്ടം പൂർത്തിയായി. 29 ന് കള്ളാർ പഞ്ചായത്തിലെ കൊട്ടോടി യൂണിറ്റിൽ മേഖലാതല ഉദ്ഘാടനം വാർഡ് കൗൺസിലർ ബി.രമ നിർവഹിച്ചു. എ.എം. ബാലകൃഷ്ണൻ വിഷയം അവതരിപ്പിച്ചു. വി.എസ് ബാബു, മെയ്സൺ അനീഷ് എന്നിവർ നേതൃത്വം നല്കി. 30 ന് രാവിലെ 10മണിക്ക് കോടോംബേളൂർ പഞ്ചായത്തിലെ തായന്നൂരിൽ നടന്ന സംവാദത്തിന് ജോയ്സ്, കുഞ്ഞികൃഷ്ണൻ, നാൻസി എന്നിവർ നേതൃത്വം നല്കി. 2 മണിക്ക് കിനാനൂർ കരിന്തളം പഞ്ചായത്തിലെ ചായോത്ത് നടന്ന സംവാദത്തിൽ കെ .ബാലകൃഷ്ണൻ വിഷയം അവതരിപ്പിച്ചു 35 പേർ പങ്കെടുത്ത സംവാദത്തിൽ 16 പേർ പങ്കെടുത്തു - കെ.പി വേണുഗോപാലൻ, ബാബുരാജ്, ശ്രീധരൻ ,നാരായണൻ നേതൃത്വം നല്കി. 5 മണിക്ക് നീലേശ്വരത്ത് നടന്ന സംവാദത്തിൽ 65 പേർ പങ്കെടുത്തു. കെ.കെ രാഘവൻ വിഷയം അവതരിപ്പിച്ചു. 10 പേർ ചർച്ചയിൽ പങ്കെടുത്തു ചന്ദ്രശേഖരൻ 'സോമരാജൻ ശ്രീകുമാർ, എന്നിവർ നേതൃത്വം നല്കി. ഒക്ടോബർ 1ന് രാവിലെ 10 മണിക്ക് പുല്ലൂർ പെരിയ പഞ്ചായത്തിലെ ചാലിങ്കാലിൽ നടന്ന സംവാദത്തിൽ വി.ടി കാർത്യായനി വിഷയം അവതരിപ്പിച്ചു. 20പേർ പങ്കെടുത്ത സംവാദത്തിൽ 8 പേർ ചർച്ചയിൽ പങ്കെടുത്തു. സി.കെ.വി ജയൻ, അജയൻ എന്നിവർ നേതൃത്വം നൽകി. 2 മണിക്ക് ഉദുമ പഞ്ചായത്തിൽ നടന്ന സംവാദത്തിൽ 30 പേർ പങ്കെടുത്തു.12 പേർ ചർചയിൽ പങ്കെടുത്തു.എം ഗോപാലൻ വിഷയം അവതരിപ്പിച്ചു. പി.കെ.മുകുന്ദൻ, അശ്വിൻ നേതൃത്വം നല്കി. 5 മണിക്ക് അജാനൂർ പഞ്ചായത്തിലെ വെള്ളിക്കോത്ത് നടന്ന സംവാദത്തോടെ സംവാദ യാത്രയുടെ ഒന്നാം ഘട്ടം അവസാനിച്ചു. 10 പേരായിരുന്നു ജാഥാംഗങ്ങൾ. ബാനറും പ്ലക്കാർഡുകളും ഉണ്ടായിരുന്നു. ശരാശരി 2 മണിക്കൂർ ആയിരുന്നു സംവാദത്തിനായി ചെലവഴിച്ചത്. മേഖലാ സെക്രട്ടറി പി. കുഞ്ഞിക്കണ്ണൻ ' ട്രഷറർ എം മാധവൻ നമ്പ്യാർ വൈസ് പ്രസിഡന്റ് എം രമേശൻ കെ.പി.വേണുഗോപാലൻ ജില്ലാ സെക്രട്ടറി മധുസൂദനൻ എന്നിവർ യാത്രയ്ക്ക് നേതൃത്വം നല്കി. പൊതുവാഹനങ്ങൾ ഉപയോഗിച്ചാണ് ജാഥാംഗങ്ങൾ കേന്ദ്രങ്ങളിലെത്തിയത്.

## വികസന സംവാദ യാത്ര സമാപിച്ചു

മാതമംഗലം : 'മറ്റൊരു കേരളം സാധ്യമാണ് ' എന്ന മുദ്രാവാക്യം ഉയർത്തി ശാസ്ത്രസാഹിത്യ പരിഷത്ത് മാതംഗലം മേഖലാ കമ്മിറ്റി സംഘടിപ്പിച്ച വികസന സംവാദയാത്ര സമാപിച്ചു. ഒക്ടോബർ 1,2 തീയതികളിലായി നടന്ന സംവാദയാത്ര കരിപ്പാലിൽ ഗ്രാമപഞ്ചായത്ത് അംഗം ടി.വി.അനീഷിന്റെ അധ്യക്ഷതയിൽ തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ സി.പി.ലക്ഷ്മിക്കുട്ടി ഉദ്ഘാടനംചെയ്തു. വിവിധ കേന്ദ്രങ്ങളിലെ സ്വീകരണത്തിന ശേഷം കടന്നപ്പള്ളിയിൽ സമാപിച്ചു. സമാപന സമ്മേളനത്തിൽ ഇ.പി.ശിവദാസൻ അധ്യക്ഷത വഹിച്ചു. പരിഷത്ത് ജില്ലാ ജോയിൻറ് സെക്രട്ടറി കെ.വി. മനോജ് വിഷയം അവതരിപ്പിച്ചു. ഗ്രാമപഞ്ചായത്ത് അംഗം എം.ശുഭ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

ഉൽപ്പാദനാധിഷ്ഠിത വികസനം, കേരളവികസനവും പരിസ്ഥിതിയും, മദ്യവർജ്ജനവും മദ്യനിരോധനവും, പൊതു ഗതാഗത സംവിധാനത്തിൻറെ പ്രസക്തി, പൊതുജനാരോഗ്യ രംഗത്തെ പ്രശ്നങ്ങൾ, പശ്ചിമ ഘട്ടവും കേരളത്തിൻറെ നിലനിൽപ്പും, കേരളത്തിലെ മിച്ചവീടുകൾ തുടങ്ങി കേരള വികസനവുമായി ബന്ധപ്പെട്ട ഒട്ടേറെ വിഷയങ്ങൾ സംവാദയാത്രയിൽ ചർച്ച ചെയ്യപ്പെട്ടു. കേരളത്തിൽ അങ്ങോളമിങ്ങോളം സംവാദയാത്രയിൽ ഉയർന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പിന്നീട് പ്രസിദ്ധീകരിക്കും.

വിവിധ സ്വീകരണ കേന്ദ്രങ്ങളിൽ കെ.വി.മനോജ്,കെ.സി.പ്രകാശൻ, പി.ചന്ദ്രശേഖരൻ, പി.പി.ബാലൻ, കെ.വി. സുനുകുമാർ, എം.ശ്രീധരൻ, പി.കുഞ്ഞിക്കണ്ണൻ, രമേശൻ പേരൂൽ, എം.ടി.സുരേഷ്കുമാർ, കെ.മോഹനൻ തുടങ്ങിയവർ സംസാരിച്ചു.

## ജനസംവാദ സദസ്സ്

ചിറ്റൂർ : എറണാകുളം മേഖലയിലെ ആദ്യത്തെ വികസന സംവാദം 'ജനസംവാദ സദസ്' എന്ന പേരിൽ ചിറ്റൂർ യൂണിറ്റിൽ ചേരാനല്ലൂർ പണ്ഡിറ്റ് കറുപ്പൻ സ്മാരകവായനശാലയിൽ സെപ്തംബർ 29ന് ൽ നടന്നു. ജി.ഗോപിനാഥ്(വികസനം മുഖ്യചുമതലക്കാരൻ ) ആമുഖാവതരണം നടത്തി. ജില്ലാ വൈസ് പ്രസിഡന്റ് എം.ആർ മാർട്ടിൻ, അബ്ദുൾ അസിസ്(ചിറ്റൂർ യൂണിറ്റ് മെമ്പർ) എന്നിവർ സംവാദത്തിൽ വിശദമായി സംസാരിച്ചു.

# വികസന സംവാദ ശിൽപശാല സംഘടിപ്പിച്ചു

ആലപ്പുഴ : കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കേരളം ഇന്ന് അഭിമുഖീകരിക്കുന്ന പുതിയ വികസന സമസ്യകളുടെ പശ്ചാത്തലത്തിൽ മറ്റൊരു കേരളം സാധ്യമാണ് എന്ന വിഷയത്തിൽ വികസന സംവാദ ശിൽപശാല സംഘടിപ്പിച്ചു. ശിൽപശാല പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വത്സലാ തമ്പി ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് എൻ ആർ ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ജില്ലാ വികസന ഉപസമിതി കൺവീനർ പി ജയരാജ് മുഖ്യ പ്രഭാഷണം നടത്തി. ഡി പ്രകാശൻ സ്വാഗതവും സി പ്രവീൺലാൽ നന്ദിയും പറഞ്ഞു

# വികസന സംവാദയാത്ര

കാഞ്ഞങ്ങാട്: 'മറ്റൊരു കേരളം സാധ്യമാണ് എന്ന മുദ്രാവാക്യവുമായി കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് സംഘടിപ്പിക്കുന്ന 'വികസന സംവാദയാത്രയുടെ കാഞ്ഞങ്ങാട് മേഖലാതല ഉദ്ഘാടനം കൊട്ടോടിയിൽ നടന്നു.' വാർഡ് മെമ്പർ ബി.രമ ഉദ്ഘാടനം ചെയ്തു. ബി.അബ്ദുള്ള അധ്യക്ഷം വഹിച്ചു.എ.എം. ബാലകൃഷ്ണൻ വിഷയം അവതരിപ്പിച്ചു സിബി മുപ്പാത്തിയിൽ, രാജൻ ഗ്രാഡിപള്ള തുടങ്ങിയവർ സംസാരിച്ചു.എം രമേശൻ സ്വാഗതവും മെയ്സൺ നന്ദിയും പറഞ്ഞു.വി.എസ് ബാബു. കുഞ്ഞിക്കണ്ണൻ മാധവൻനമ്പ്യാർ പ്രകാശൻ വി ഗോപി എന്നിവർ നേതൃത്വം' നല്കി.

# മറ്റൊരു കേരളം സാധ്യമാണ് സംവാദവും പദയാത്രയും



കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് സംഘടിപ്പിച്ച മറ്റൊരു കേരളം സാധ്യമാണ് പദയാത്രയും സംവാദവും കോവൂരിൽ പരിഷത്ത് മുൻ ജനറൽ സെക്രട്ടറി വി.വി ശ്രീനിവാസൻ ഉദ്ഘാടനം ചെയ്യുന്നു

കണ്ണൂർ : പരിസ്ഥിതി കേരളത്തിനായി പശ്ചിമഘട്ടം സംരക്ഷിക്കുക, മദ്യ ലഭ്യത കുറയ്ക്കുക, ഖനിജങ്ങൾ പൊതുസ്വത്താക്കുക, മാലിന്യ സംസ്കരണം ജനകീയ പ്രസ്ഥാനമാക്കുക, ഫാസിസത്തെ സാംസ്കാരികമായി പ്രതിരോധിക്കുക, മാതൃഭാഷ സംരക്ഷിക്കുക, എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തി ശാസ്ത്രസാഹിത്യ പരിഷത്ത് സംഘടിപ്പിക്കുന്ന പദയാത്രയും സംവാദവും കൂടാളി മേഖലയിലെ കോവൂരിൽ മുൻ സംസ്ഥാന ജനറൽ സെക്രട്ടറി വി.വി ശ്രീനിവാസൻ സെപ്റ്റംബർ 30ന് 3 മണിക്ക് ഉദ്ഘാടനം ചെയ്തു. ശാസ്ത്രകേരളം എഡിറ്റർ ഒ.എം.ശങ്കരൻ പട്ടൻ ഭാസ്കരന് പദയാത്ര പതാക കൈമാറി

6 മണിക്ക് കൂടാളിയിലും 7 മണിക്ക് കുടിക്കിമൊട്ടയിലും സംവാദം നടന്നു. വിവിധ കേന്ദ്രങ്ങളിൽ എം. പ്രഭാകരൻ, കെ.ദിനേശ് ബാബു, സി.സുരേഷ് ബാബു എന്നിവർ പ്രസംഗിച്ചു, ഇരിട്ടി, പേരാവൂർ, മാടായി എന്നീ മേഖലകളിലെ പദയാത്രകളും ആരംഭിച്ചു ഒക്ടോബർ 1, 2, 3 തീയ്യതികളിൽ കണ്ണൂർ ജില്ലയിൽ 14 പദയാത്രകളും 200 കേന്ദ്രങ്ങളിൽ സംവാദവും നടന്നു.

# വികസനസംവാദയാത്ര

ചേളന്നൂർ : "മറ്റൊരു കേരളം സാധ്യമാണ് "എന്ന സന്ദേശവുമായി ശാസ്ത്രസാഹിത്യ പരിഷത്ത് സംഘടിപ്പിക്കുന്ന വികസനസംവാദസദസ്സുകളുടെ ചേളന്നൂർ മേഖലാതല ഉദ്ഘാടനംസപ്റ്റംബർ 29ന് നരിക്കുനി എ.യു.പി.സ്കൂളിൽ ഗ്രാമപ്പഞ്ചായത്ത് പ്രസിഡണ്ട് അഡ്വ:പികെ വബിത നിർവ്വഹിച്ചു. സംവാദയാത്രാ ഉദ്ഘാടനം ജാഥാക്യാപ്റ്റൻ വി.പി.വാസുവിന് പ്ലക്കാർഡ് കൈമാറിക്കൊണ്ട് ജില്ലാ പ്രസിഡണ്ട് ഇളവനി അശോകൻ നിർവഹിച്ചു.ജില്ലാക്കമ്മിറ്റി അംഗം കെ.എം.ചന്ദ്രൻ അധ്യക്ഷത വഹിച്ചു.കെ.അശോകൻ (ജില്ലാ വികസന വിഷയസമിതി ചെയർമാൻ) വിഷയമവതരിപ്പിച്ചു.കെ.കെ. വിജയൻ,യു.മൊയ്തീൻ,പി.വിജയൻ,ബഷീർ,കരുണാകരൻ മാസ്റ്റർ. ജാഥാ മാനേജർ കെ.പി. ദാമോദരൻ എന്നിവർ സംസാരിച്ചു. സ്വാഗതസംഘം ചെയർമാൻ എൻ.പി.അബൂബക്കർ സ്വാഗതവും യൂനിറ്റ് സെക്രട്ടറി പ്രസാദ് നന്ദിയും പറഞ്ഞു. അമ്പലത്ത്കുളങ്ങര,പുതിയേടത്ത് താഴം,ചേളന്നൂർ 8/2,അണ്ടിക്കോട് ,തലക്കുളത്തൂർ, പാവണ്ടൂർ,കക്കോടി, കുരുവട്ടൂർ,കാക്കൂർ, ചീക്കിലോട്,എന്നീ കേന്ദ്രങ്ങളിൽ സംവാദം നടത്തി നന്മണ്ട 13-ൽ ഒക്ടോബർ 2ന് സമാപിച്ചു. അശോകൻഇളവനി,കെ.കെ .വിജയൻ,കെ.പ്രദീപൻ,കെ. എം.ചന്ദ്രൻ,കെ.പി.ദാമോദരൻ,വി.പി.വാസു,പി.ബിജു ,നിതിൻ എന്നിവർ വിവിധ കേന്ദ്രങ്ങളിൽ സംവാദത്തിന് നേതൃത്വം നല്കി

# ഊർജ്ജ പ്രതിസന്ധിയും മാലിന്യ സംസ്കരണവും ക്ലാസ്സ്

മുളന്തുരുത്തി :ഊർജ്ജ പ്രതിസന്ധിയും മാലിന്യ സംസ്കരണവും - പ്രാദേശിക ഇടപെടലുകളുടെ പ്രസക്തി ക്ലാസ്സ് ശാസ്ത്രഗതി മാനേജിംങ് എഡിറ്റർ പി.എ.തങ്കച്ചൻ നയിച്ചു. മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് പത്താം വാർഡ് ഊർജ്ജ ഗ്രാമം പരിപാടിയുടെ ഭാഗമായി കേരള ശാസ്ത്രസാഹിത്യ പരിഷത്ത് തുരുത്തിക്കര യൂണിറ്റ്, യുവസമിതി, സമതവേദി എന്നിവരുടെ ആഭിമുഖ്യത്തിൽ തുരുത്തിക്കര ആയുർവേദ കവലയിൽ വിളിച്ചു ചേർത്ത യോഗത്തിലാണ് ക്ലാസ്സ് അവതരിപ്പിച്ചത്. തുരുത്തിക്കര ടെക്നിക്കൽ സ്കൂളിൽ ഒക്ടോ.15 ന് ബഹു.പിറവം എം.എൽ.എ അനൂപ് ജേക്കബ്ബ് ഈ പരിപാടിയുടെ ഉൽഘാടനം നിർവ്വഹിക്കും. ഊർജ്ജ നഷ്ടങ്ങളെ കുറിച്ചും, ഊർജ്ജ സംരക്ഷണത്തെ കുറിച്ചും മാലിന്യത്തെ ഊർജ്ജമാക്കി മാറ്റുന്നതിനെപ്പറ്റിയും ജനങ്ങളിൽ അറിവ് നിർമ്മിക്കുക അതുവഴി പരാമാവധി ഊർജ്ജ നഷ്ടം കുറക്കുക. പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വീട്ടുമുറ്റ ക്ലാസ്സുകൾ, ഡോക്യുമെന്ററി പ്രദർശനങ്ങൾ, അനർട്ട് പോലെയുള്ള സ്ഥാപനങ്ങളുമായി ചേർന്ന് കൊണ്ട് ബദൽ ഊർജ്ജ മാർഗ്ഗങ്ങളെ പരിചയപ്പെടുത്തുന്നതിന് പ്രദർശനങ്ങൾ, പ്രാദേശിക പഠനം, എൽ.ഇ.ഡി ബൾബുകളുടെ നിർമ്മാണവും വാർഡിലെ മുഴുവൻ വീടുകളിലും എൽ.ഇ.ഡി ആക്കുന്നതിനുള്ള പ്രചാരണം, പരിഷത്തടുപ്പുകൾ, ചൂടാറപ്പെട്ടി, വഴിയോര പ്രാദർശനങ്ങൾ,കിച്ചൺ ബിൻ എന്നിവയുടെ പ്രചാരണം, മുതലായ പ്രവർത്തന പരിപാടികൾ ഇതിന്റെ ഭാഗമായി സംഘടിപ്പിക്കും. മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് പത്താം വാർഡിനെ ഹരിത ഗ്രാമമാക്കി തീർക്കുവാൻ യോഗം തീരുമാനിച്ചു. മുളന്തുരുത്തി ബ്ലോക്ക് വൈസ് പ്രസിഡന്റ് ഷാജി മാധവൻ, ബ്ലോക്ക് പഞ്ചായത്ത് വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സുധാ രാജേന്ദ്രൻ, മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് അംഗങ്ങളായ നിജി ബിജു, വി.കെ.വേണു, മുളന്തുരുത്തി പഞ്ചായത്ത് ആസൂത്രണ കമ്മിറ്റി അംഗം സജി ജോൺ, ഐ.എൻ.ടി.യു.സി എറണാകുളം ജില്ലാ സെക്രട്ടറി ജെറിൻ ടി ഏലിയാസ്, സി.പി.ഐ .എം ആരക്കുന്നം ലോക്കൽ കമ്മിറ്റി അംഗം എം.ആർ. മുരളിധരൻ, തുരുത്തിക്കര റസിഡൻസ് അസോ. സെക്രട്ടറി കെ.കെ.കൃഷ്ണൻകുട്ടി, ഡി.വൈ.എഫ്.ഐ.ആരക്കുന്നം മേഖലാ ജോയിന്റ് സെക്രട്ടറി എ.കെ.അപ്പു, സമീക്ഷ സാംസ്കാരിക നിലയം സെക്രട്ടറി രാജു എം ജോസഫ്, പൂന്തോട്ടം റസി.ഗോവിന്ദൻ, താരാ റസി.സെക്രട്ടറി എം.എൻ. രാമൻകുട്ടി, വെജിറ്റബിൾ ക്ലസ്റ്റർ പ്രസിഡന്റ് ജോർജ്, തുരുത്തിക്കര സൗത്ത് - വെസ്റ്റ് റസി. അസോ.പ്രസിഡന്റ് ബിജു ജോയി, എസ്. എൻ.ഡി.പി.തുരുത്തിക്കര ശാഖാ - കെ.കെ.ശ്രീധരൻ, റിബൽസ് ക്ലബ് പ്രസിഡന്റ് കെ.ജി.അനൂപ്, ചലഞ്ചേഴ്സ് ക്ലബ്ബ് സെക്രട്ടറി വി.വി. സിജു, ശാസ്ത്രസാഹിത്യ പരിഷത്ത് തുരുത്തിക്കര യൂണിറ്റ് സെക്രട്ടറി എം.കെ. മുരുകേശൻ എന്നിവർ പ്രതികരിച്ചു സംസാരിച്ചു.

# വികസന സംവാദം

തൊടുപുഴ : മറ്റൊരു കേരളം സാദ്ധ്യമാണ് എന്ന സന്ദേശമുയർത്തി പരിഷത്ത് സംഘടിപ്പിച്ച സംവാദയാത്രയുടെ ഇടുക്കി ജില്ലാതല ഉദ്ഘാടനം സെപ്റ്റംബർ 30ന് 4 മണിക്ക് തൊടുപുഴ കെ.എസ്.ടി.എ ഹാളിൽ പ്രൊഫ. വിവിഅഗസ്റ്റിൻ നിർവഹിച്ചു. തൊടുപുഴ മുൻസിപ്പൽ കൗൺസിലംഗം റെനി ജോഷി യോഗത്തിൽ അധ്യക്ഷയായിരുന്നു.പരിഷത്ത് കേന്ദ്ര നിർവാഹക സമിതിയംഗം പ്രൊഫ.ഡോ. സംഗമേശൻ വിഷയാവതരണം നടത്തി. ജില്ലാ സെക്രട്ടറി എ.എൻ സോമദാസ് സ്വാഗതവും പരിസരം കൺവീനർ ടി.കെ. ദിവാകരൻ കൃതജ്ഞതയും പറഞ്ഞു.സംവാദയാത്രകൾ ഒക്ടോബർ 1, 2, 3 തീയതികളിൽ നടക്കും.

# സയൻസ് സെന്റർ ഉദ്ഘാടനം ചെയ്തു



സയൻസ് സെന്റർ ഉദ്ഘാടനം പ്രൊഫ.കെ.പാപ്പൂട്ടി നിർവഹിക്കുന്നു

കൂറ്റനാട് : ശാസ്ത്രസാഹിത്യ പരിഷത്ത്, തൃത്താല മേഖലയുടെ നേതൃത്വത്തിൽ ഒക്ടോബർ എട്ടിന് സയൻസ് സെന്ററിർ ഉദ്ഘാടനം ചെയ്തു. "ശാസ്ത്രവും സമൂഹവും" എന്ന വിഷയം അവതരിപ്പിച്ചുകൊണ്ട് പ്രൊഫ.കെ.പാപ്പൂട്ടി സയൻസ് സെന്ററിന്റെ ഉദ്ഘാടനം നിർവഹിച്ചു. മേഖലാ പ്രസിഡന്റ് കെ.പരമേശ്വരന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിന് വി.പി. സുബ്രഹ്മണ്യൻ സ്വാഗതം പറഞ്ഞു. വി.ഗംഗാധരൻ ആമുഖാവതരണം നടത്തി. സംസ്ഥാന അധ്യാപക അവാർഡ് ജേതാവ് എം.വി. രാജനെ ചടങ്ങിൽ ആദരിച്ചു.

എം.വി.രാജൻ, ഇ.ബാലകൃഷ്ണൻ, എം.എം.പരമേശ്വരൻ, എന്നിവർ സംസാരിച്ചു. മേഖല സെക്രട്ടറി ടി.ചന്ദ്രൻ നന്ദി പറഞ്ഞു.

## മൂവാറ്റുപുഴയിലെ തരിശ് നിലങ്ങളിൽ കൃഷി ചെയ്യും വികസനസംവാദം

മുവാറ്റുപുഴ : മൂവാറ്റുപുഴ സൗത്ത് യൂണിറ്റ് സംഘടിപ്പിച്ച സംവാദത്തിൽ മേഖലാ പ്രസിഡണ്ട് മദനമോഹനൻ അധ്യക്ഷനായിരുന്നു. മുനിസിപ്പൽ പ്രദേശത്ത് തരിശായി കിടക്കുന്ന 48 ഏക്കർ നെൽപ്പാടം കൃഷി ചെയ്യുന്നത് സംബന്ധിച്ച് ഗൗരവമായ ചർച്ച സംവാദത്തിൽ ഉയർന്നു വന്നു. 12 പേർ പങ്കെടുത്തു.

## വിജ്ഞാനോത്സവ പരിശീലനം

ആലുവ : യുറീക്ക - ശാസ്ത്രകേരളം വിജ്ഞാനോൽസവം ആലുവ മേഖലാതല പരിശീലനം ഒക്ടോബർ 6ന് ഉച്ചക്ക് 2 ന് യുസി കോളേജ് ഊർജ്ജതന്ത്ര വിഭാഗത്തിന്റെ സഹകരണത്തോടെ ടി.ബി. നൈനാൻ ഹാളിൽ നടന്നു. യു.സി കോളേജ് ഫിസിക്സ് അധ്യാപിക ഡോ.രശ്മി ആർ മാഡംക്യൂറിയുടെ ജീവിത മുഹൂർത്തങ്ങൾ പരിചയപ്പെടുത്തി. മേഖലാ വൈസ് പ്രസിഡന്റ് ജയ് മോഹൻ കെ.സി. ശാസ്ത്രം ജീവിതമാണ് എന്ന വിഷയത്തിലൂന്നി ക്ലാസ് തലത്തിൽ സംഘടിപ്പിക്കുന്ന ഈ വർഷത്തെ വിജ്ഞാനോൽസവത്തിന്റെ പ്രാധാന്യം സ്ലൈഡുകളുടെ സഹായത്തോടെ വിശദീകരിച്ചു. ചർച്ചയെ തുടർന്ന് 4 മണിക്ക് പരിശീലനം സമാപിച്ചു. എ.പി മുരളിധരൻ അധ്യക്ഷനായിരുന്നു. മേഖലാ സെക്രട്ടി ജിതിൻ കെ.പി സ്വാഗതവും എസ് എസ് മധു നന്ദിയും പറഞ്ഞു.

## വിജ്ഞാനോത്സവം

തൊടുപുഴ : യുറീക്ക, ശാസ്ത്രകേരളം വിജ്ഞാനോത്സവം സംഘടിപ്പിക്കുന്നതിനായി ഇടുക്കി ജില്ലയിലെ അധ്യാപക പരിശീലന ശില്പശാല തൊടുപുഴ ഗവ.ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ സെപ്റ്റംബർ 30ന് രാവിലെ 10.30 ന് DPO ടി.എം. സുബൈബർ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ ഇതേ സ്കൂളിലെ അധ്യാപികയും തൊടുപുഴ മേഖലാ പ്രസിഡന്റുമായ ഡെയ്സി ബാബു അധ്യക്ഷയായിരുന്നു. കേന്ദ്ര നിർവാഹക സമിതിയംഗം ഡോ, സംഗമേശൻ (പ്രൊഫ.,സംസ്കൃത സർവകലാശാല, കാലടി ) ശില്ലശാലയ്ക്ക് നേതൃത്വം നൽകി. യോഗത്തിൽ നിർവാഹക സമിതിയംഗമായ വി.വി.ഷാജി (ഗവ. ട്രൈബൽ സ്കൂൾ, പൂമാല) പങ്കെടുത്തു. വിദ്യാഭ്യാസ വിഷയ സമിതി കൺവീനർ ജോൺ എം ജോൺ സ്വാഗതവും ട്രഷറാർ തോമസ് ചെറിയാൻ നന്ദിയും പറഞ്ഞു

## പരിഷത്ത് കണ്ണൂർ ജില്ലാ പഠന ക്യാമ്പ് 5 കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചു

കണ്ണൂർ : പരിഷത്ത് കണ്ണൂർ ജില്ലയിൽ 5 കേന്ദ്രങ്ങളിൽ ജില്ലാ പഠന ക്യാമ്പ് സംഘടിപ്പിച്ചു. ശനി, ഞായർ ദിവസങ്ങളിലാണ് കണ്ണൂർ, മാടായി, മുഴപ്പിലങ്ങാട്, കുറ്റിക്കോൽ, തോലമ്പ്ര എന്നീ വിടങ്ങളിൽ താമസിച്ചു കൊണ്ടുള്ള ദ്വിദിന ക്യാമ്പ് സംഘടിപ്പിച്ചത്.ഒരോ മേഖലാ കമ്മിറ്റിയിലും 20- 30 അംഗങ്ങൾ ഉൾകൊള്ളുന്ന, എല്ലാ വിഷയങ്ങളും ശാസ്ത്രീയമായി അപഗ്രഥിക്കുന്നതിനു പഠിക്കുന്നതിനു വേണ്ടിയുള്ള സന്നദ്ധ ഗവേഷണ പഠന ഗ്രൂപ്പുകളെ സജ്ജമാക്കുന്നതിനു വേണ്ടിയാണ് ജില്ല ക്യാമ്പുകൾ. 2 ദിവസത്തെ പരിശീലനത്തിൽ 310 പ്രവർത്തകർ പഠന ഗ്രൂപ്പിൽ പങ്കെടുത്തു. കണ്ണൂർ, മയ്യിൽ കൂടാളി മേഖലയിലെ പ്രവർത്തകർക്കു വേണ്ടി കണ്ണൂരിലും പയ്യന്നൂർ, മാടായി, മാതമംഗലം പ്രവർത്തകർക്കു വേണ്ടി മാടായിലും എടക്കാട്, പാനൂർ, തലശ്ശേരി പ്രവർത്തകർക്കു വേണ്ടി മുഴപ്പിലങ്ങാടും തളിപറമ്പു, ശീകണ്ഠാപുരം മേഖലയിലെ പ്രവർത്തകർക്കും വേണ്ടി കുറ്റിക്കോലിലും പേരാവൂർ കൂത്തുപറമ്പ് പ്രവർത്തകർക്ക് വേണ്ടി തോല പ്രയിലുമാണ് പഠനക്യാമ്പ് നടന്നത്.

ശാസ്ത്രവും ശാസ്ത്ര ബോധവും, മേഖല പഠന ഗ്രൂപ്പ് തയ്യാറാക്കൽ, വികസന സമീപനം സംഘടനാ പടവുകൾ, ആക്ടിവിറ്റികൾ എന്നീ വിഷയങ്ങളിൽ ചർച്ചാ ക്ലാസ്സുകൾ നടന്നു പ്രൊഫ കെ. ബാലൻ, ടി.കെ ദേവരാജൻ, പ്രൊഫ.എൻ.കെ.ഗോവിന്ദൻ, വി.വി ശ്രീനിവാസൻ, കെ വിലാ സിനി, ഒ.സി ബേബി ലത, സി.പി ഹരീന്ദ്രൻ എം.ദിവാകരൻ, കെ മനോജ് ,ടി.വി നാരായണൻ, പി ഭാസ്കരൻ, കെ.പി പ്രദീപ്, കെ.ബാലകൃഷ്ണൻ, കെ.കെ രവി പി.കെ സുധാകരൻ, എ.വി സുരേന്ദ്രൻ, സുജിത്ത് എം, എൻ.വി ചന്ദ്രബാബു തുടങ്ങി

20 അധ്യാപകർ വിവിധ കേന്ദ്രങ്ങളിൽ ക്ലാസ്സെടുത്തു കെ.കെ സുഗതൻ മുഴപ്പിലങ്ങാട് കെ.വിനോദകുമാർ തോലപ്ര പി.പി ബാബു കണ്ണൂർ പി.നാരയണൻ കുട്ടി മാടായി ബിജു നെടുവാലൂർ കുറ്റിക്കോൽ എന്നീ കേന്ദ്രങ്ങളിലെ ക്യാമ്പ് ഡയരക്ടർമായിരുന്നു

## സ്ത്രീസൗഹൃദ പഞ്ചായത്ത് - ശില്പശാല

കാസർഗോഡ് : കാസർഗോഡ് ജില്ലയിലെ തെരെഞ്ഞെടുക്കപ്പെട്ട പുല്ലൂർ-പെരിയ പഞ്ചായത്തുകൾ സ്ത്രീ സൗഹൃദ പഞ്ചായത്തുകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സെപ്റ്റംബർ 28ന് ശില്പശാല സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡണ്ട് ശാരദ എസ് നായർ ഉദ്ഘാടനം ചെയ്തു. എന്തുകൊണ്ട് ലിംഗതുല്യതാ സമീപനം എന്ന വിഷയത്തിൽ പി.ഗോപകുമാറും, ലിംഗതുല്യത – ആസൂത്രണ മാർഗ്ഗരേഖ നിർദ്ദേശങ്ങളും പ്രവർത്തന സാധ്യതകളും എന്ന വിഷയത്തിൽപി.വി. വിനോദും ക്ലാസ്സെടുത്തു. തുടർന്ന് സാധ്യതാ ഭൂപടം തയ്യാറാക്കലും റിപ്പോർട്ട് അവതരണവും നടന്നു.ഭാവി പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും ഏകോപിപ്പിക്കാനുമായി 18 അംഗ അഡ്ഹോക്ക് കമ്മറ്റി രൂപീകരിച്ചു

### അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിർമാർജനം ചെയ്യുന്നതിനുള്ള ബിൽ സമർപ്പിച്ചു

പരിഷത്ത് തയ്യാറാക്കിയ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും (തടയുന്നതിനും നിർമാർജ്ജനം ചെയ്യുന്നതിനുമുള്ള) ബിൽ ബഹു: കേരള മുഖ്യമന്ത്രി പിണറായി വിജയന് ഒക്ടോബർ 13ന് സമർപ്പിച്ചു. അതോടൊപ്പം കേരള നിയമസഭയിൽ ഇതു സംബന്ധിച്ചു വന്ന ശ്രദ്ധ ക്ഷണിക്കലിന് മറുപടിയായി ഇത്തരം നിയമനിർമാണം നടത്താനുള്ള ശ്രമം ആരംഭിച്ചതായി അറിയിച്ച കത്തിന്റെ കോപ്പിയും കൊടുത്തിരുന്നു. ജന: സെക്രട്ടറി ടി.കെ. മീരാഭായ്, വൈസ്പ്രസിഡണ്ട് . ബി. രമേഷ്, ശാസ്ത്രാവബോധം കൺവീനർ എ.പി. മുരളീധരൻ, തിരു. ജില്ലാ പ്രസിഡന്റ് സന്തോഷ് ഏറത്ത് എന്നിവരാണ് മുഖ്യമന്ത്രിയെ കണ്ടത്.

## നിർവാഹകസമിതി ഒക്ടോബർ പ്രധാന തീരുമാനങ്ങൾ

അംഗത്വം

ആകെ - 45988, പുരുഷന്മാർ 32209, സ്ത്രീകൾ 13772, ട്രാൻസ്ജന്റർ - 7

മാസിക

മാസികാ പ്രവർത്തകരുടെ കൺവെൻഷൻ : എല്ലാ ജില്ലകളിലും മാസികാ പ്രവർത്തകരുടെ പ്രത്യേക കൺവെൻഷൻ വിളിച്ചു ചേർക്കണം പരിഷത്തിന്റെ പ്രധാന പ്രവർത്തകർ, അധ്യാപകർ, തുടങ്ങിയവർക്ക് കത്ത് നൽകി കൺവെൻഷനിൽ പങ്കെടുപ്പിക്കണം. ഒരു വിഷയത്തിലുള്ള ക്ലാസ്സോ, ചർച്ചയോ ആയി കൺവെൻഷൻ മാറ്റണം. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ മാസിക സ്പെഷ്യൽ പതിപ്പുകളായി പ്രസിദ്ധീകരിച്ച് പരസ്യം ശേഖരിച്ച് സാമ്പത്തിക സമാഹരണത്തിനുള്ള സാധ്യത തേടണം.

ശാസ്ത്രകേരളം: ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ജനുവരിയോടെ ഉദ്ഘാടനം നടത്താനാകും. ശാസ്ത്രകേരളം വലിയ സാമ്പത്തിക ബാധ്യതയിലാണ് മുന്നോട്ട് പോകുന്നത്. ഉൽപാദനം 50% നഷ്ടത്തിലാണ്. ജനുവരി മുതൽ മാസികയുടെ വില കോപ്പിക്ക് 20 രൂപയായും വാർഷിക വരിസംഖ്യ 200 രൂപയായും വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു. മാസിക സബ്കമ്മിറ്റി: എഡിറ്റർമാർ മാനേജിംഗ് എഡിറ്റർമാർ എന്നിവർ പങ്കെടുക്കുന്ന മാസിക സബ് കമ്മിറ്റി ഒക്ടോബർ 21ന് രാവിലെ 10 മണിക്ക് കോഴിക്കോട് പരിഷത്ത് ഭവനിൽ ചേരും.

ബസ്സ്റ്റാന്റ് ഏജൻസികൾ: ബസ്സ്റ്റാന്റുകളിൽ മാസിക ഏജൻസികളെ കണ്ടെത്തി നമ്മുടെ മാസികകൾ പ്രചരിപ്പിക്കണം. മേഖലയിൽ ഒരു കേന്ദ്രത്തിലെങ്കിലും ഏജൻസി ഉണ്ടാകണം. മാസിക ലഭിക്കും എന്ന അറിയിപ്പുകൾ സ്റ്റാളുകളിൽ ലഭ്യമാക്കണം.

സാമ്പത്തികം

സാമ്പത്തിക ഉപസമിതിയോഗം ഒക്ടോബർ 22 ഞായർ 10 മണിമുതൽ 4 മണിവരെ തൃശ്ശൂർ പരിസരകേന്ദ്രത്തിൽ ചേരും. ഇതിന്റെ തുടർച്ചയായി എല്ലാ ജില്ലകളിലും സാമ്പത്തികം ചർച്ച ചെയ്യുന്ന പ്രത്യേക യോഗങ്ങൾ നവമ്പർ 15നകം നടത്തേണ്ടതാണ്.

സ്പെഷ്യൽമാസിക, അംഗത്വം, വികസന ക്യാമ്പയിൻ, ലഘുലേഖ എന്നിവയുടെ പണമടയ്ക്കാൻ ബാക്കിയുള്ള ജില്ലകൽ ഒക്ടോബർ 20നകം പൂർണമായി അടച്ചുതീർക്കണം.

ആരോഗ്യം

പനിയുമായി ബന്ധപ്പെട്ടു നടത്താൻ തീരുമാനിച്ച ഫീവർ-റൗണ്ട് ടേബിൾ ജനുവരി മാസത്തേക്കു പുന:ക്രമീകരണം ചെയ്തു. മേരി ക്യൂറി വർഷവുമായി ബന്ധപ്പെടുത്തി നടത്താൻ ഉദ്ദേശിച്ച കാൻസർ ക്ലാസുകൾക്ക് പരിശീലനം ഒക്ടോബർ 29 ഞായറാഴ്ച തൃശ്ശൂർ പരിസരകേന്ദ്രത്തിൽ. വിജ്ഞാനോത്സവവുമായി ബന്ധപ്പെടുത്തി ഈ ക്ലാസുകൾ എങ്ങനെ നല്കാൻ കഴിയുമെന്ന് വിദ്യാഭ്യാസവിഷയ സമിതിയുമായി ആലോചിച്ചശേഷം തീരുമാനിക്കണം.

ജന്റർ

ജന്റർ റിസോഴ്സ് ഗ്രൂപ്പ്- തദ്ദേശഭരണതലം. ജന്റർ റിസോഴ്സ് സെന്റർ, റിസോഴ്സ് ഗ്രൂപ്പ് എന്നിവയുമായി ബന്ധപ്പെട്ട മാതൃകാ പ്രവർത്തനങ്ങളിലേർപ്പെടാൻ സന്നദ്ധമായ പത്ത് തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രാഥമിക കൂടിച്ചേരലുകൾ ഒക്: 3-ാം വാരം പൂർത്തിയാകും.

GRG, GRC പ്രാരംഭപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ശില്പശാലകളിൽ തെരഞ്ഞെടുത്ത അഡ്ഹോക്ക് കമ്മിറ്റികൾക്കുള്ള പരിശീലനമാണ് ഇനി നടക്കേണ്ടത്. ഇതിനു സഹായകമായ മൊഡ്യൂൾ ഉണ്ടാക്കണം. ഇതിനായുള്ള ശില്പശാല ഒക്ടോബർ 28,29 തീയതികളിൽ ഐ ആർ ടി സിയിൽ നടത്തും. റിസോഴ്സ് ഗ്രൂപ്പ്, റിസോഴ്സ് സെന്റർ എന്നിവയ്ക്കുള്ള പ്രവർത്തന പരിപാടികൾ, ഏകോപനം, സംഘാടനം, സ്ഥാപനസംവിധാനം എന്നിവയെപ്പറ്റിയുള്ള വ്യക്തതയും പ്രവർത്തനമാർഗരേഖയും ശില്പശാലയിൽ രൂപപ്പെടുത്തണം. ഓരോ ജില്ലയിൽ നിന്നും വിഷയസമിതി ചെയർപേഴ്സൺ, കൺവീനർ, തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തിൽ നിന്ന് 3പേർ എന്നിങ്ങനെ ഒരു ജില്ലയിൽ നിന്നും ആറുപേരാണ് ശില്പശാലയിൽ പങ്കെടുക്കേണ്ടത്.

ശില്പശാലയുടെ തുടർ പ്രവർത്തനങ്ങൾക്കായി മുഴുവൻ അഡ്ഹോക്ക് കമ്മിറ്റി അംഗങ്ങൾ (10-15പേർ)ക്കും പരിശീലനം നല്കണം. പരിശീലനത്തിൽ ജില്ലാ വിഷയസമിതിയിൽ നിന്നുള്ള 5പേരും പങ്കെടുക്കണം.

സംസ്ഥാനത്ത് മൂന്ന് കേന്ദ്രങ്ങളിലായിട്ടാകണം പരിശീലനം. (കണ്ണൂർ, തൃശ്ശൂർ, തിരുവനന്തപുരം - നവം: 11,12; 18,19; 25,26) തൊഴിലിടത്തെ ലൈംഗിക അതിക്രമങ്ങൾ തടയൽ: 10ൽ അധികം പേർ തൊഴിലെടുക്കുന്ന, സ്വകാര്യ-പൊതുമേഖല സ്ഥാപനങ്ങൾ, ആശുപത്രികൾ, സ്വയം തൊഴിൽ കേന്ദ്രങ്ങൾ, പരിശീലനസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ലൈംഗികാതിക്രമ പരാതി കൈകാര്യം ചെയ്യാൻ ICC (Internal Complaint Commttiee) രൂപീകരിക്കണം. തൊഴിലിടങ്ങളിലെ ലൈംഗിക അതിക്രമം തടയൽ നിരോധം- പരിഹാരം ആക്ട് 2013 പ്രകാരമാണ് കളള രൂപീകരിക്കേണ്ടത്. ബഹുഭൂരിപക്ഷം സ്ഥാപനങ്ങളിലും കമ്മിറ്റി രൂപീകരിച്ചിട്ടില്ല. ഉള്ളത് പ്രവർത്തിക്കുന്നുമില്ല. കമ്മിറ്റി രൂപികരണത്തിന് സമ്മർദം ചെലുത്തൽ/ ഇടപെടൽ അനിവാര്യം. പരിഷത്ത് തനതായോ സർവ്വീസ്- ട്രേഡ് യൂണിയൻ വിഭാഗങ്ങളുമായി ചേർന്നു ഇടപെടൽ നടത്തേണ്ടതാണ്.

തുല്യതാ സംഗമം: പരിഷത്ത് അംഗങ്ങൾക്കും പ്രവർത്തകർക്കുമിടയിൽ ജന്റർ അവബോധ നിർമ്മിതിക്കായി തയ്യാറാക്കിയ കുടുംബം- സംഘടന- സമൂഹം എന്ന ലഘുമോഡ്യൂൾ ഉപയോഗിച്ച് തുല്യതാ സംഗമമെന്ന രീതിയിൽ എല്ലാ യൂണിറ്റുകളിലും കുടുംബ സംഗമങ്ങൾ സംഘടിപ്പിക്കുകയും അവിടെ സംവാദങ്ങൾ നടത്തുകയും വേണം.

ICC, തുല്യതാ സംഗമം എന്നിവ ഉൾപ്പെടുത്തിയ പ്രത്യേക ഏകദിന പരിശീലനങ്ങൾ എല്ലാ ജില്ലകളിലും നവംബർ മാസത്തിൽ സംഘടിപ്പിക്കണം. മേഖലാ വിഷയസമിതി/ മേഖലാകമ്മിറ്റിയിൽ നിന്നും 5 പേർ വീതവും ജില്ലാവിഷയസമിതി അംഗങ്ങളും പരിശീലനത്തിൽ പങ്കെടുക്കണം.

സാധ്യമാവുന്ന യുവസമിതി NSS ക്യാമ്പുകളിൽ സോഷ്യോളജി ഓഫ് ജെൻഡർ ക്ലാസുകൾ നടത്തണം. മൊഡ്യൂൾ തയ്യാറാക്കി നൽകും. ക്ലാസുകൾ നടത്താൻ യുവസമിതിയുടെ സഹായം ഉണ്ടാകണം. ജന്റർ വിഷയസമിതി 15-10-17 ന് തൃശൂരിൽ

വിദ്യാഭ്യാസം

ഗ്രാമോത്സവങ്ങളുടെ ഭാഗമായി എല്ലാ മേഖലാകേന്ദ്രങ്ങളിലും മാതൃഭാഷാസംഗമങ്ങൾ

